# ബ്രിട്ടീഷ് പാർലമെന്റ് തെരഞ്ഞെടുപ്പ്
# ചില പാർശ്വചിത്രങ്ങൾ

**യാഥാസ്ഥിതിക** കക്ഷിക്ക് കിട്ടിയ സീറ്റ് 306; കഴിഞ്ഞ തവണത്തേക്കാൾ 97 സീറ്റ് കൂടുതൽ. ലേബർ പാർട്ടിയുടെ വിഹിതം 258; കഴിഞ്ഞ തവണത്തേക്കാൾ 91 സീറ്റ് കുറവ്. ലിബറൽ ഡെമോക്രാറ്റുകൾക്ക് 57 സീറ്റ്; അവർക്കും നഷ്ടപ്പെട്ടു അഞ്ച് സീറ്റ്. ഇതാണ് നിലവിലെ ബ്രിട്ടീഷ് തൂക്കു പാർലമെന്റിലെ കക്ഷിനില. നയങ്ങളിൽ തീരെ ഒക്കാത്ത യാഥാസ്ഥിതികരും ലിബറൽ ഡെമോക്രാറ്റുകളും തൽക്കാലം ഒരു മന്ത്രിസഭ തട്ടിക്കൂട്ടിയിട്ടുണ്ട്. അതിന്റെ ആയുസ്സ് കണ്ടു തന്നെ അറിയണം.



സൽമാ യഅ്ഖൂബ്      ജോർജ് ഗലോവെ

ഇത്തവണത്തെ ബ്രിട്ടീഷ് പാർലമെന്റ് തെരഞ്ഞെടുപ്പിലെ ശ്രദ്ധേയമായ ചില പാർശ്വചിത്രങ്ങളാണ് ഇവിടെ അവലോകനം ചെയ്യുന്നത്. അതിലേറ്റവും പ്രധാനം, റെസ്പെക്ട് പാർട്ടിയുടെ നേതാവും ഗസ്സ നിവാസികൾക്ക് മരുന്നും ഭക്ഷണവുമെത്തിക്കാൻ അതിസാഹസികതകൾക്ക് ധൈര്യപ്പെടുന്ന മനുഷ്യ സ്നേഹിയുമായ ജോർജ് ഗലോവെയുടെ പരാജയമാണ്. തോറ്റു എന്നല്ല, മീഡിയയും അവയെ നിയന്ത്രിക്കുന്ന സയണിസ്റ്റ് ലോബിയും ഇറങ്ങിക്കളിച്ച് തോൽപിച്ചു എന്നു പറയുന്നതാവും ശരി. ബ്രിട്ടീഷ് പാർലമെന്റ് അംഗം എന്ന നിലക്ക് ഗലോവെ ഗസ്സയിൽ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തടയാൻ ഇസ്രയേലിന് ഒട്ടേറെ പരിമിതികളുണ്ടായിരുന്നു. അതുകൊണ്ടാണ് സയണിസ്റ്റ് ലോബി അദ്ദേഹത്തെ തോൽപിക്കാൻ കച്ചകെട്ടിയത്. തെരഞ്ഞെടുപ്പ് ദിനങ്ങളിൽ കൊടും ഭീകരനായി മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയായിരുന്നു ഗലോവെ. അദ്ദേഹം മുസ്‌ലിമായിട്ടുണ്ടെന്നും ഹമാസുമായി ഒളിയജണ്ടകളുണ്ടെന്നും കള്ളപ്രചാരണം നടത്തി. ഇവിടെ നിന്ന് ജയിച്ചുകയറിയ ലേബർ പാർട്ടി അംഗമാണ് ഇതിനൊക്കെ ചുക്കാൻ പിടിച്ചത്.

തീവ്ര വലതുപക്ഷത്തിന് ഇത്തവണ വലിയ പ്രതീക്ഷയുണ്ടായിരുന്നെങ്കിലും അവർക്കൊരു സീറ്റു പോലും ലഭിച്ചില്ല. അവരുടെ നേതാവ് നെക്ക് ഗ്രിഫിഫിൻ ഉൾപ്പെടെയുള്ളവർ തോറ്റു. യാഥാസ്ഥിതിക കക്ഷിയുടെ ടിക്കറ്റിൽ ഇതാദ്യമായി ഒരു കറുത്ത വനിത തെരഞ്ഞെടുക്കപ്പെട്ടതും ഈ തെരഞ്ഞെടുപ്പിലാണ്. ഹെലൻ ഗ്രാനറ്റ് എന്നാണവരുടെ പേര്. പക്ഷേ ഹിജാബ് ധാരിണിയായ ആദ്യ മുസ്‌ലിം സ്ഥാനാർഥി സൽമാ യഅ്ഖൂബിന് അവരുടെ മണ്ഡലത്തിൽ വിജയിക്കാൻ കഴിഞ്ഞില്ല.

ഇത്തവണ മുസ്‌ലിംകളിൽനിന്ന് എട്ടു പേർ പാർലമെന്റിൽ എത്തിയിട്ടുണ്ട്. കഴിഞ്ഞ തവണ മുസ്‌ലിം എം.പിമാർ നാല് മാത്രമായിരുന്നു. 90 പേരാണ് മുസ്‌ലിംകളിൽനിന്ന് ഇത്തവണ മത്സരരംഗത്തുണ്ടായിരുന്നത്. അവരിൽ 22 പേർ സ്ത്രീകൾ. ജയിച്ച എട്ടു പേരിൽ മൂന്ന് സ്ത്രീകൾ. പാകിസ്താൻ വംശജകളായ ശബാനാ മഹ്മൂദ്, യാസ്മീൻ ഖുറൈശി, ബംഗ്ലാദേശ് വംശജ റോഷ്നാരാ അലി എന്നിവർ.

വെള്ളക്കാരല്ലാത്തവർ പാർലമെന്റിൽ അവരുടെ സാന്നിധ്യം വർധിപ്പിച്ചു. കഴിഞ്ഞ തവണ പാർലമെന്റിൽ അവർക്ക് 15 സീറ്റായിരുന്നു. ഇത്തവണയത് 27 സീറ്റായി (എട്ടു പേർ ആഫ്രിക്കൻ വംശജർ, 19 പേർ ഏഷ്യൻ വംശജർ). ഇത് മൊത്തം പാർലമെന്റ് പ്രാതിനിധ്യത്തിന്റെ നാലു ശതമാനം മാത്രമേ വരുന്നുള്ളൂ. അതേസമയം ബ്രിട്ടനിൽ വെള്ളക്കാരല്ലാത്തവരുടെ എണ്ണം ഏത് കണക്ക് പ്രകാരവും പത്തു ശതമാനത്തിന് മുകളിലാണ്. അതു പ്രകാരം അവർക്ക് 65 സീറ്റെങ്കിലും കിട്ടേണ്ടതാണ്. ഇതിൽ പകുതിയെങ്കിലും മുസ്‌ലിംകൾക്ക് അവകാശപ്പെട്ടതും. പാർലമെന്റ് 'തൂങ്ങി'പ്പോയെങ്കിലും അടിയൊഴുക്കുകൾ നൽകുന്ന സൂചനകൾ ആർക്കും കണ്ടില്ലെന്ന് നടിക്കാനാവില്ല. വംശവെറിയുടെ ഹാംഗോവറിൽ കഴിയുന്ന ടോറികൾക്ക് വരെ കറുത്തവരെയും മുസ്‌ലിംകളെയുമൊക്കെ സ്ഥാനാർഥികളാക്കുകയല്ലാതെ മാർഗമില്ലെന്നായിരിക്കുന്നു. ■

# യൂറോക്ക് അകാല വാർധക്യം

**അമേരിക്കൻ** സമ്പദ്ഘടന തുമ്മിയാൽ ലോക സമ്പദ്ഘടനക്ക് ജലദോഷം പിടിക്കും എന്നാണ് മുമ്പ് പറഞ്ഞിരുന്നത്. ഇന്ന് യൂറോപ്പിലെ കൊച്ചു രാഷ്ട്രമായ ഗ്രീസ് തുമ്മിയാൽ തന്നെ ആഗോള സമ്പദ്ഘടന പനിപിടിച്ച് തുള്ളി വിറക്കും എന്നായിരിക്കുന്നു. 'ആഗോള ഗ്രാമ'മാവുമ്പോൾ ഇങ്ങനെയൊരു കുഴപ്പമുണ്ട്. നമ്മൾ ചെയ്യാത്ത കുറ്റത്തിനും നാം പിഴ ഒടുക്കേണ്ടിവരും. ഗ്രീസിന്റെ കാര്യം തന്നെ എടുക്കാം. കഴിഞ്ഞ ഏതാനും വർഷമായി കിട്ടാവുന്നിടത്ത് നിന്നെല്ലാം കടം വാങ്ങി അടിച്ചുപൊളിക്കുകയായിരുന്നു ആ രാഷ്ട്രം. ഇപ്പോൾ ഒരു വൻ കടക്കെണിയിൽ പെട്ട് നട്ടം തിരിയുന്നു. ഇതിൽനിന്ന് താൽക്കാലികമായി രക്ഷപ്പെടാൻ 90 ബില്യൻ യൂറോ എങ്കിലും വേണം. പോർച്ചുഗലും സ്പെയിനും അയർലന്റും ഇറ്റലിയുമൊക്കെ വൻ സാമ്പത്തിക പ്രതിസന്ധിയുടെ വക്കത്ത് നിൽക്കുകയാണ്. ആഗോള മാന്ദ്യത്തിൽനിന്ന് പതുക്കെ രക്ഷപ്പെട്ട് വരുന്ന ലോക സമ്പദ്ഘടനക്ക് മുമ്പിൽ പുതിയൊരു യൂറോപ്യൻ പ്രതിസന്ധി ഉരുണ്ട് കൂടുന്നു. ഡോളറിനെ വെല്ലുവിളിച്ച് വിജയകരമായി പ്രയാണം തുടങ്ങിയ യൂറോ കറൻസിയുടെ നിലനിൽപുതന്നെ അപകടപ്പെടുത്തുന്ന നിലയിലേക്ക് പ്രതിസന്ധി വളർന്നേക്കാം എന്നാണ് ഇപ്പോൾ ലഭിക്കുന്ന സൂചനകൾ.



യൂറോപ്യൻ യൂനിയനിൽ മൊത്തം 27 രാജ്യങ്ങളാണ്. ഇതിൽ പൊതു കറൻസിയായ യൂറോ നിലവിലുള്ളത് 16 രാജ്യങ്ങളിൽ. ഈ രാജ്യങ്ങളിലൊന്നിൽ (യൂറോ സോൺ) ഉണ്ടാവുന്ന ഏത് പ്രതിസന്ധിയും യൂറോക്ക് ഭീഷണി ഉയർത്തും. എന്തൊക്കെ സഹിച്ചും അംഗ രാജ്യങ്ങളെ കരകയറ്റുകയല്ലാതെ വേറെ വഴിയില്ല. അതിന് തുനിഞ്ഞാലോ ഓരോ നാട്ടിലെയും ഭരണകക്ഷിക്ക് അത് കനത്ത വെല്ലുവിളിയാവും. ജർമനിയിൽ സംഭവിച്ചത് അതാണ്. ജർമൻ ചാൻസലർ അൻജല മെർക്കൽ ഗ്രീസിനെ സഹായിക്കാൻ തുനിഞ്ഞതാണ് അവരുടെ പാർട്ടിക്ക് കഴിഞ്ഞ ഒരു പ്രവിശ്യാ തെരഞ്ഞെടുപ്പിൽ കനത്ത തിരിച്ചടിയേൽക്കാൻ കാരണം.

ഗ്രീസിനെപ്പോലെ പാപ്പരായ ഒരു രാജ്യത്തെ രക്ഷിക്കാൻ കടം കൊടുക്കുന്നത് തിരിച്ചടക്കുമെന്ന യാതൊരു ഗാരന്റിയുമില്ലാതെയാണ്. ചുരുങ്ങിയ പക്ഷം ശമ്പളവും മറ്റു ആനുകൂല്യങ്ങളും വെട്ടിക്കുറച്ചാൽ മാത്രമേ പാപ്പരായ രാജ്യത്തിന് എന്തെങ്കിലും പ്രതീക്ഷയുള്ളൂ. അത്തരം ചെലവ് ചുരുക്കൽ നീക്കത്തിനെതിരെയാണ് ഗ്രീസിൽ ജനം തെരുവിലിറങ്ങിയത്.

ഒരു ഗ്രീസ് മാത്രം മതി യൂറോയുടെ ചരമക്കുറിപ്പെഴുതാൻ. വല്ലാത്തൊരു പ്രതിസന്ധിയിലാണ് യൂറോ സോൺ രാജ്യങ്ങൾ പെട്ടിരിക്കുന്നത്. പാപ്പരായവരെ സഹായിച്ചാലും പ്രശ്നം, സഹായിച്ചില്ലെങ്കിലും പ്രശ്നം. മൂന്നാമതൊരു രക്ഷാമാർഗം ഒട്ടില്ല താനും. സമ്പദ്ഘടന മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ജർമനി പോലുള്ള രാജ്യങ്ങൾക്കാണ് ഇത് ഏറ്റവും വലിയ ആഘാതമേൽപ്പിക്കുക. ഗ്രീസിനെ രക്ഷിച്ചില്ലെങ്കിൽ അവരും ഗ്രീസിനെ പോലെയാവും. ഈ അപകടം മുൻകൂട്ടി കണ്ടാണ് ബ്രിട്ടൻ പോലുള്ള രാജ്യങ്ങൾ യൂറോയിൽ ചേരാതെ തന്ത്രപരമായി മാറിനിന്നത്. യൂറോപ്യൻ യൂനിയനിലും യൂറോ സോണിലും സീറ്റ് കിട്ടാത്തത് വലിയൊരു കുറച്ചിലായി ഇപ്പോൾ തുർക്കിക്ക് തോന്നുന്നുണ്ടാവില്ല. ■

# മാർദിൻ ഫത്വയെ കാലം തെറ്റി വായിക്കുന്നവർ

**തുർക്കിയുടെ** തെക്കു കിഴക്ക് സ്ഥിതി ചെയ്യുന്ന മനോഹര നഗരമാണ് മാർദിൻ. നൂറ്റാണ്ടുകളായി വിവിധ ജനവിഭാഗങ്ങൾ ഒത്തൊരുമയോടെ കഴിയുന്ന പ്രദേശം. നിർഭാഗ്യകരമെന്ന് പറയട്ടെ, തീവ്രവാദവുമായി ഘടിപ്പിച്ചാണ് ഈ പേര് ഇപ്പോൾ ഉയർന്നു കേൾക്കുന്നത്. തീവ്രവാദത്തിന്റെയോ ഭീകരവാദത്തിന്റെയോ യാതൊരു പാരമ്പര്യവും ഈ നഗരത്തിന് ഇല്ലെങ്കിലും. അതിനൊരു ചരിത്ര



മാർദിൻ നഗരം

പശ്ചാത്തലമുണ്ട്.

ക്രി. പതിനാലാം നൂറ്റാണ്ടിലാണ് മുസ്‌ലിം ലോകത്തിന് നേരെ മംഗോൾ ആക്രമണമുണ്ടാകുന്നത്. ബഗ്ദാദ് നഗരം നിശ്ശേഷം നശിപ്പിക്കപ്പെട്ടു. എങ്ങും കൂട്ടക്കൊലകളും പലായനവും. യുദ്ധസമാനമായ അന്തരീക്ഷം. ഈ ചരിത്രസന്ദർഭത്തിലാണ് പ്രമുഖ ഇസ്‌ലാമിക പണ്ഡിതനായ ഇമാം ഇബ്നു തൈമിയ്യ ജീവിച്ചത്. മുസ്‌ലിംകൾ ഉന്മൂലന ഭീഷണി നേരിടുന്ന സാഹചര്യം മറ്റിടങ്ങളിലെപ്പോലെ ഏറെക്കുറെ മാർദിൻ നഗരത്തിലുമുണ്ടായിരുന്നു. ദാറുൽ ഹർബ് (യുദ്ധഗേഹം), ദാറുസ്സിൽമ് (സമാധാനഗേഹം) പോലുള്ള കർമശാസ്ത്ര സംജ്ഞകൾ ഉടലെടുത്തതും ഇത്തരമൊരു യുദ്ധസമാന സാഹചര്യത്തിലാണ്. മാർദിൻ നഗരം യുദ്ധഗേഹമോ സമാധാന ഗേഹമോ എന്നൊരാൾ ഇബ്നു തൈമിയയോട് ഫത്‌വ ചോദിച്ചു. ഓരോ നാടിന്റെയും അവസ്ഥ നോക്കിയേ അത് പറയാൻ കഴിയൂ എന്ന് സൂചിപ്പിച്ച ഇബ്നു തൈമിയ്യ, മുസ്‌ലിംകളുടെ രക്തവും ധനവും പവിത്രമാണെന്നും അവർക്കെതിരെ ശത്രുപക്ഷത്തോടൊപ്പം ചേരുന്നവർ മുസ്‌ലിംകളിൽ പെടുന്നവരായാലും അവരുടെ ചെയ്തികൾ നിഷിദ്ധമാണെന്നും കൂട്ടിച്ചേർത്തിരുന്നു.

വളരെ യുക്തി-പ്രമാണബദ്ധമായി നൽകിയ ഈ ഫത്‌വ(മാർദിൻ ഫത്‌വ എന്ന് ഇത് ചരിത്രത്തിൽ അറിയപ്പെടുന്നു)യാണ് ഉസാമാ ബിൻലാദിനെപ്പോലുള്ളവർ പിൽക്കാലത്ത് വ്യാപകമായി ദുരുപയോഗം ചെയ്തത്. ഗൾഫ് ഭരണകൂടങ്ങളെ അട്ടിമറിക്കാനുള്ള ഉസാമയുടെ ആഹ്വാനങ്ങളിൽ പലപ്പോഴും മാർദിൻ ഫത്‌വ പരാമർശിക്കപ്പെട്ടിരുന്നു.

ഈ വിഷയം ചർച്ച ചെയ്യാനാണ് കഴിഞ്ഞ മാർച്ച് 27,28 ദിവസങ്ങളിൽ ഒരു സംഘം പണ്ഡിതന്മാർ മാർദിനിൽ ഒത്തുചേർന്നത്. തുർക്കിയിലെ അർതുക്ക്‌ലു യൂനിവേഴ്സിറ്റിയാണ് ഇതിന് മുൻകൈ എടുത്തത്. മാർദിൻ ഫത്‌വയുടെ ചരിത്ര സന്ദർഭമാണ് അവർ മുഖ്യമായും ചർച്ച ചെയ്തത്. ഇബ്നു തൈമിയ്യ ഉദ്ദേശിക്കാത്ത ആശയങ്ങൾ അദ്ദേഹത്തിൽ ആരോപിച്ച് ഫത്‌വയെ ദുരുപയോഗം ചെയ്യുകയാണ് തീവ്രവാദികളെന്ന് പണ്ഡിതന്മാർ ചൂണ്ടിക്കാട്ടി. ഒരു പ്രത്യേക സന്ദർഭത്തിൽ നൽകിയ ഫത്‌വ തീർത്തും വ്യത്യസ്തമായ ഒരു കാലത്തും സന്ദർഭത്തിലും പ്രയോഗവത്കരിക്കാൻ ശ്രമിക്കുന്നതും ആപത്കരമാണ്. പൗരത്വം, ദേശം തുടങ്ങിയ സങ്കൽപനങ്ങൾ പൗരാണിക കർമശാസ്ത്രത്തിലും ആഗോളീകരണ കാലത്തും എന്നതാണ് അവർ ചർച്ച ചെയ്ത മറ്റൊരു വിഷയം. യുദ്ധഗേഹം, സമാധാന ഗേഹം തുടങ്ങിയ പ്രയോഗങ്ങൾ പുതിയ കാലത്ത് പ്രസക്തമല്ലെന്നും അവർ വിലയിരുത്തി.

മാർദിൻ- സമാധാനത്തിന്റെ ഗേഹം (Mardin- Abdoe of Peace) എന്ന തലക്കെട്ടിലായിരുന്നു ചർച്ച. വ്യക്തികളോ സംഘങ്ങളോ ജിഹാദിന്റെ പേരിൽ നടത്തുന്ന യുദ്ധപ്രഖ്യാപനങ്ങൾക്ക് ഇസ്‌ലാമികമായി യാതൊരു സാധുതയുമില്ലെന്ന് സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ പറയുന്നു. തുർക്കിയിലെ മതകാര്യ മന്ത്രാലയം പരിപാടിയിൽനിന്ന് വിട്ടു നിൽക്കുകയായിരുന്നു. സകല ഭീകരവാദങ്ങൾക്കും മാർദിൻ ഫത്‌വയാണ് കാരണം എന്ന മട്ടിലുള്ള അവതരണം ശരിയല്ലെന്നാണ് അവരുടെ കാഴ്ചപ്പാട്. ■